എന്നാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഇത് നിർത്തിവച്ചുകൊണ്ട് ഒരു ഉത്തരവും വന്നിട്ടില്ല. പക്ഷേ ഇപ്പോൾ അത് മാറ്റുന്നതിനുള്ള പ്രൊപ്പോസലുമായി മുന്നോട്ടുപോകുകയാണ് എന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രി ശ്രീ. ശരത് പവാറിന് കത്തയച്ചിട്ടുണ്ട്. ഫിഷറീസ് വകുപ്പുമന്ത്രിയും പ്രത്യേകമായി അദ്ദേഹത്തിന് കത്തയച്ചിട്ടുണ്ട്. ഇതിനെല്ലാം പുറമെ എം. പി.മാരുടെ കോൺഫറൻസിൽ ഇതൊരു പ്രത്യേക അജണ്ടയായി ഉൾപ്പെടുത്തി, നമ്മുടെ എം. പി.മാരോട് ശക്തമായി വാദിച്ച് അതവിടെ പിടിച്ചുനിർത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ആ എം. പി.മാരിൽ ഗവൺമെന്റിന് പൂർണ്ണ വിശ്വാസമുണ്ട്. അവർ തീർച്ചയായും ഇത് നമുക്ക് നേടിത്തരും. ഗവൺമെന്റും ഇതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകും.

(7) ഈരാറ്റുപേട്ട കേന്ദ്രമാക്കി പുഞ്ഞാർ താലൂക്ക് രൂപീകരണം

<u>ശ്രീ. പി. സി. ജോർജ്</u> : സർ, 1996-01 കാലഘട്ടത്തിൽ അധികാരത്തിലിരുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിൽ നായനാർ സർക്കാരിന്റെ കൃാബിനറ്റ് 16 താലൂക്കുകൾ രൂപീകരിക്കുന്നതിന് തീരുമാനമെടുക്കുകയും ചെയ്തു. ..... (ബഹളം) .....

<u>മി. സ്പീക്കർ</u> : ബഹുമാനപ്പെട്ട മെമ്പർമാർ കുറച്ചുകൂടി അച്ചടക്കം പാലിക്കണം. ഒരു അച്ചടക്കവുമില്ലാതെ പോകുന്നത് കഷ്ടമാണ്.

<u>ശ്രീ. പി. സി. ജോർജ്</u> : ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കൃാബിനറ്റാണ് 16 താലൂക്കുകൾ രൂപീകരിക്കാൻ തീരുമാനിച്ചത്. റൂൾ 300 അനുസരിച്ച് അന്നത്തെ റവന്യൂ വകുപ്പുമന്ത്രി ശ്രീ. കെ. ഇ. ഇസ്മയിൽ നിയമസഭയിൽ പ്രസ്താവന നടത്തുകയും ചെയ്തു. ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചു. ആ 16 താലൂക്കുകളിൽ ഒരെണ്ണം ഈരാറ്റുപേട്ട കേന്ദ്രമാക്കിയുള്ള പുഞ്ഞാർ താലൂക്കാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം, ഞാൻ ഈ സഭയിൽ പുഞ്ഞാർ താലൂക്കിന്റെ രൂപീകരണത്തെ സംബന്ധിച്ച് സംസാരിച്ചപ്പോൾ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഈ സഭയിൽ പറഞ്ഞത്, ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ സാമ്പത്തിക നില അനുവദിക്കുന്നില്ല, സാമ്പത്തികനില ഭദ്രമാകുമ്പോൾ ഈ കാര്യങ്ങൾ ആലോചിക്കുന്നതാണ് എന്നാണ്. ഇപ്പോൾ 28,000 കോടി രൂപയാണ് എ. ഡി. ബി.യിൽ നിന്നും കടമെടുത്തിരിക്കുന്നത്. അത് എന്തിനുവേണ്ടി ചെലവഴിച്ചു എന്ന് നമുക്കാർക്കും അറിയില്ല. അങ്ങനെ പണത്തിന് ഒരു ബുദ്ധിമുട്ടുമില്ലാത്ത ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി നാട്ടിലെ റോഡുകൾക്കുവേണ്ടി കോടിക്കണക്കിന് രൂപ വെറുതെ കൊടുത്തുകൊണ്ടിരിക്കുകയാണ്. എം. എൽ. എ.യുടെ കത്തുവേണമെന്നുള്ള നിയമമൊക്കെ മാറ്റിവച്ചുകൊണ്ട് ഇപ്പോൾ വേറെയാരുടേയോ കത്തിന്റെ അടിസ്ഥാനത്തിൽ വെറുതെ പണം കൊടുക്കുകയാണ്. ഇത്രയും പണം വെറുതെയുള്ളപ്പോൾ ഈരാറ്റുപേട്ട കേന്ദ്രമായിട്ടുള്ള, പുഞ്ഞാർ താലൂക്കുൾപ്പെടെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് പ്രഖ്യാപിച്ച, കമ്മീഷൻ

LIBRARY.ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

റവ്വ, കാബിനറ്റ് തീരുമാനിച്ച റൂൾ 300 അനുസരിച്ച്, സഭയിൽ പ്രസ്താവന നടത്തിയ, അന്നത്തെ റവന്യൂ മന്ത്രി പ്രഖ്യാപിച്ച, ആ പതിനാറ് താലൂക്കുകൾ രൂപീകരിക്കാനുള്ള നടപടികൾ സ്വീകരിക്കണം. പ്രത്യേകിച്ച് ഈരാറ്റുപേട്ട കേന്ദ്രമാക്കി പുഞ്ചാർ താലൂക്ക് രൂപീകരിച്ചു എന്ന് ഒരു അംഗീകാരമുണ്ടാക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. മീനച്ചിൽ താലൂക്കിൽ എന്ത് നടന്നാലും അതിന്റെ എല്ലാം പിതൃത്വം എപ്പോഴും ഏറ്റെടുക്കുന്ന അങ്ങയ്ക്ക് ഇതിന്റെ പിതൃത്വം നൽകുന്നതിൽ എനിക്ക് ഒരു മടിയുമില്ല. അതുകൊണ്ട് അങ്ങ് ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഇതിന്റെ പിതൃത്വം ശ്രീ. പി. സി. ജോർജ് ഏറ്റെടുക്കുന്നതിൽ എനിക്ക് ഒരു വിഷമവുമില്ല. പിന്നെ ഇക്കാര്യം ശ്രീ. പി. സി. ജോർജ് അവതരിപ്പിച്ചത്, ഞാൻ മറ്റെന്തോ നടത്തുന്നു എന്നുള്ള ഉദ്ദേശത്തോടുകൂടിയാണെന്ന് തോന്നുന്നു. അങ്ങനെയൊന്നുമില്ല; എനിക്ക് താൽപ്പര്യമുള്ള വിഷയമാണിത്. പക്ഷേ ഒരു അബദ്ധം പറ്റി എന്ന് പറഞ്ഞാൽ മതിയല്ലോ. കല്യാണമൊക്കെ റെഡിയാക്കി പള്ളിയിൽ ചെന്നപ്പോൾ താലി എടുത്തില്ല എന്ന് പറഞ്ഞതുപോലെയാണ് പഴയ താലൂക്കിന്റെ കാര്യം. പഴയ താലൂക്കെന്ന് പറഞ്ഞ് 16 എണ്ണം ഗവൺമെന്റ് തീരുമാനിച്ചു. പക്ഷേ ഹെഡ്ക്വാർട്ടേഴ്സ് എവിടെയാണെന്ന് പറഞ്ഞില്ല. അതിന്റെ വില്ലേജുകൾ എവിടെയാണെന്ന് തീരുമാനിച്ചില്ല. പ്രിലിമിനറിയായിട്ട് വർത്തമാനം പറഞ്ഞിട്ടുപോയതല്ലാതെ അത് സംബന്ധിച്ച് ഒന്നും നടന്നിട്ടില്ല. 2001-ലെ ഹൈക്കോടതിയിലെ കേസ്സിൽ തന്നെ പറഞ്ഞിരിക്കുന്നത് This is only in preliminary stage. The details of the headquarters of the new Taluks, the Villages are to be included in the new Taluks are yet to be decided, Government to be completed certain formalities before issuing notification. നോട്ടിഫിക്കേഷൻപോലും ഇറക്കാൻ കഴിയാത്ത നിലയിലുള്ള വെറും ഒരു ആഗ്രഹപ്രകടനം മാത്രമാണ് ഈ 16 താലൂക്കുകൾ എന്നു പറയുന്നത്. ഇങ്ങനെ ഏതെങ്കിലുമൊരു ഗവൺമെന്റ് ചെയ്യുമോ? ഈ ഗവൺമെന്റ് അങ്ങനെ ചെയ്തില്ല. ചെയ്യുമ്പോൾ വളരെ മാന്യമായി, നടപടിക്രമങ്ങളൊക്കെ പൂർത്തിയാക്കി ചെയ്യും. ബഹുമാനപ്പെട്ട പി. സി. ജോർജ്, ഇപ്പോൾ നിയമസഭ കഴിയാറായ ഈ സന്ദർഭത്തിൽ പുഞ്ചാർ താലൂക്കിനു വേണ്ടിയുള്ള വലിയ ആവേശപ്രകടനം നല്ലതാണ്. ഞാൻ ഒരു കാര്യം ചെയ്തു. വൺ മാൻ കമ്മീഷനെ നിയമിച്ചു. സാങ്കേതിക ബുദ്ധിമുട്ടുകൾ ഉള്ളതുകൊണ്ട് നടക്കില്ല എന്നൊന്നും ഞാൻ പറഞ്ഞിട്ടില്ല. പ്രസംഗിക്കുമ്പോൾ പറയാറുണ്ട്, സാങ്കേതിക ബുദ്ധിമുട്ടുകാരണം ഒരുപാട് താലൂക്കുകൾ അനുവദിക്കാൻ പറ്റില്ല എന്ന്. ഈരാറ്റുപേട്ട കേന്ദ്രമാക്കി പുഞ്ചാർ താലൂക്ക് അനുവദിക്കാൻ പറ്റില്ലെന്ന് ഞാൻ പറഞ്ഞിട്ടില്ല. ഇതിനകത്തുള്ള ഒരു ബുദ്ധിമുട്ടെന്ന് പറയുന്നത്, വൺമാൻ കമ്മീഷനെ നിയമിച്ചതാണ്. ആ വൺമാൻ കമ്മീഷന്റെ റിപ്പോർട്ട് വരുമ്പോൾ മാത്രമേ എന്തെങ്കിലും നടപ്പിലാക്കാൻ കഴിയൂ. ഞാനും ഇപ്പോൾ വലിയ ധർമ്മസങ്കടത്തിലാണ്. എനിക്കും ധാരാളം താലൂക്കുകൾ വേണമെന്ന് ആഗ്രഹമുണ്ട്. ആ

റിപ്പോർട്ടിൽ ഇന്ററിം ആയിട്ടുള്ള ചില ശുപാർശകൾ വന്നിട്ടുണ്ടെന്നുള്ളതല്ലാതെ ഒരു ഫൈനൽ റിപ്പോർട്ട് വന്നിട്ടില്ല. ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ അത് വരുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അങ്ങനെ വരികയാണെങ്കിൽ അതിന്മേൽ തീരുമാനമെടുക്കുമ്പോൾ, നമുക്ക് രാഷ്ട്രീയമൊന്നും ഇതിൽ വേണ്ട, നമ്മുടെ നാടാണ് പ്രധാനം. ഇതിൽ ന്യായയുക്തമായ ഒരു തീരുമാനം തീർച്ചയായും ഗവൺമെന്റിൽനിന്നും പ്രതീക്ഷിക്കാം.

V. മേശപ്പുറത്തുവച്ച കടലാസുകൾ

I. ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) : സർ, മുഖ്യമന്ത്രിക്കുവേണ്ടി ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

1. ദി കേരള ഫൊലോണിയസ് ആക്ടിവിറ്റീസ് (പ്രിവൻഷൻ) ഓർഡിനൻസ് 2005 (ഓർഡിനൻസ് നമ്പർ 21 ഓഫ് 2005)
2. ജി. ഒ. (ആർടി.) നമ്പർ 2150/01/ഹോം. തീയതി 29-6-2001 (എസ്. ആർ. ഒ. നമ്പർ 854/01) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.
3. ജി. ഒ. (പി.) നമ്പർ 279/03/ജി.എ.ഡി. തീയതി 17-9-2003 (എസ്. ആർ. ഒ. നമ്പർ 878/03) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.
4. ജി. ഒ. (പി.) നമ്പർ 14/05/ഇ.ഒ.പ.വ. തീയതി 3-5-2005 (എസ്. ആർ. ഒ. നമ്പർ 465/05) (ഇംഗ്ലീഷ് പതിപ്പ് ഉൾപ്പെടെ) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.
5. നമ്പർ 8779/05/ഇ.ഒ.പ.വ. തീയതി 26-7-2005 (എസ്. ആർ. ഒ. നമ്പർ 465/05-ന്റെ തിരുത്ത്)
6. ജി. ഒ. (ആർടി.) നമ്പർ 1455/05/ഹോം. തീയതി 13-6-2005 (എസ്. ആർ. ഒ. നമ്പർ 647/05) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.
7. ജി. ഒ. (ആർടി.) നമ്പർ 1537/05/ഹോം. തീയതി 15-6-2005 (എസ്. ആർ. ഒ. നമ്പർ 682/05) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.
8. ജി. ഒ. (ആർടി.) നമ്പർ 1782/05/ഹോം. തീയതി 18-7-2005 (എസ്. ആർ. ഒ. നമ്പർ 693/05) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.
9. ജി. ഒ. (എംഎസ്.) നമ്പർ 203/05/ഹോം. തീയതി 5-7-2005 (എസ്. ആർ. ഒ. നമ്പർ 701/05) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.
10. നോട്ടിഫിക്കേഷൻ നമ്പർ 24507/എസ്.എസ്.എ.2/03/ഹോം. തീയതി 6-8-2005 (എസ്. ആർ. ഒ. നമ്പർ 766/05) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

LIBRARY ARCHIVES Kerala Legislative Assembly